# ശ്രീ. എൻ. എസ്. ഉണ്ണികൃഷ്ണൻമാസ്റ്റർ



## യാത്രയയപ്പുവേളയിൽ_

## ഒരു തിരനോട്ടം

"നിന്റെ വിളിക്ക് അവർ
മറുപടി നൽകുന്നില്ലെങ്കിൽ
ഒററയ്ക്ക് നീങ്ങുക
ഒററയ്ക്ക് നടക്കുക."

ഗാന്ധിജിക്ക് ഏററവും പ്രിയപ്പെട്ട ഈ വരികളെ പ്രാവർത്തികമാക്കുന്നതിൽ ഉണ്ണിമാസ്ററർ വിജയിച്ചു!

അദ്ധ്യാപകന്റെ നഷ്ടപ്പെട്ടുപോകുന്ന മാന്യതയെക്കുറിച്ച് അവർ തന്നെ പരാതിയുടെ സ്വരത്തിൽ പറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, അത്തരക്കാർക്ക് ഒരു മറുപടിയാണ് ഉണ്ണിമാസ്റ്റർ. സംഘാപനവൽക്കരണത്തിന്റേതായ ഒരു മാദ്ധ്യമവും എഴുതുകയോ പ്രചരിപ്പിക്കുകയോ ചെയ്തില്ലെങ്കിലും, ആത്മാർത്ഥമായ കർത്തവ്യ നിർവ്വഹണവുമായി മുന്നോട്ടുപോകുമ്പോൾ അംഗീകാരം താനേ അന്വേഷിച്ചെത്തുമെന്ന് അദ്ദേഹം തെളിയിച്ചിരിക്കുകയാണ്.

മുപ്പത്തഞ്ച് വർഷക്കാലത്തെ അദ്ധ്യാപന കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ശിക്ഷണമേററ് കടന്നുപോയ ആയിരക്കണക്കിനു വിദ്യാർത്ഥികളിൽ ഏവരും അദ്ദേഹത്തെക്കുറിച്ച് ഒരേ സ്വരത്തിൽ പ്രതികരിക്കുന്നുവെന്നറിയുമ്പോഴാണ് ഉണ്ണിമാസ്ററുടെ മഹത്വം നാം കണ്ടെത്തുന്നത്. നമ്മുടെ മുന്നിൽ ഉണ്ണിമാസ്ററർ ഒരു പ്രതിഭാസമായി മാറുന്നതും അപ്പോഴാണ്.

**അദ്ധ്യാപനം—തികച്ചും ആകസ്മികം:**

അദ്ധ്യാപകനാകാൻ ആഗ്രഹിച്ച വ്യക്തിയായിരുന്നില്ല ഉണ്ണിമാസ്റ്റർ ഒരു ദിവസം അദ്ദേഹത്തിന്റെ സുഹൃത്തു കൂടിയായ ശൂലപാണി വാരിയരാണ് അക്കരമാസ്റ്ററുടെ സ്ക്കൂളിൽ കണക്കെടുക്കുന്നതിന് ഒരാളെ ആവശ്യമുണ്ടെന്ന് അറിയിച്ചത്. സുഹൃത്തിന്റെ നിർബ്ബന്ധത്തിനു് വഴങ്ങി 1951 ജൂണിൽ തല്ക്കാലത്തേക്ക് അദ്ധ്യാപകവൃത്തി സ്വീകരിക്കാൻ തയ്യാറായി. പിന്നീട് സൗരാഷ്ട്ര (ഗുജറാത്ത്) സംസ്ഥാന സർക്കാരിന്റെ കീഴിൽ ജോലിക്ക് സെലക്ഷൻ കിട്ടി. പക്ഷെ അപ്പോഴേക്കും ഒരു ബാച്ച് അദ്ദേഹത്തിന്റെ ശിക്ഷണത്താൽ മുന്നോട്ട് നീങ്ങിയിരുന്ന ആദ്യബാച്ചിന് നേടാൻ കഴിഞ്ഞ വിജയവും, വിദ്യാർത്ഥികളുടെ സ്നേഹാദരങ്ങളുമാണ് ഉണ്ണിമാസ്റ്ററെ അദ്ധ്യാപകനായി തുടരാനുള്ള തീരുമാനത്തിലെത്തിച്ചതു്.

**ഹെഡ്മാസ്റ്റർ:**

1972 ഏപ്രിൽ മാസത്തിലാണ് ഹെഡ്മാസ്റ്ററായി ചാർജ്ജെടുത്തതു്. തീവ്ര പ്രയത്നത്തിന്റെ മറെറാരദ്ധ്യായം അതോടെ തുടങ്ങുകയായിരുന്നു, രാവിലെ 6_30 നു് ഒരു കപ്പ് ചായ കുടിച്ച് വീട്ടിൽ നിന്നു് യാത്ര തിരിക്കുന്ന ഉണ്ണിമാസ്റ്റർ ഏഴരയോടെ ഓഫീസിലെത്തി തന്റെ ജോലിയിൽ വ്യാപൃതനാകുന്നു. വൈകീട്ട് 5 മണി വരെ. ഇതിനിടെ എല്ലാ വർഷവും രണ്ടു ക്ലാസ്സി

ലെങ്കിലും ഇംഗ്ലീഷും, കണക്കും കൈകാര്യം ചെയ്യാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

## വിദ്യാർത്ഥി ബന്ധം

ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീടൊരിക്കലും മറക്കാത്ത പ്രകൃതമാണ് ഉണ്ണിമാസ്റ്ററുടേത്. മുഴുവൻ വിദ്യാർത്ഥികളുടേയു പെരെടുത്ത് വിളിച്ച് വിശേഷങ്ങൾ ചോദിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പഠനം കഴിഞ്ഞ് വർഷങ്ങളേറെ പിന്നിട്ടശേഷവും തന്റെ ഒരു മുൻ വിദ്യാർത്ഥിയെ കണ്ടാൽ അദ്ദേഹം പേരുവിളിച്ച് സുഖ മന്വേഷിക്കാൻ മറക്കാറില്ല – വിദ്യാർത്ഥി മറന്നാലും !

## ഗൃഹനാഥൻ:

“എന്നേക്കാൾ നന്നായി കുടുംബകാര്യങ്ങൾ നോക്കാൻ എന്റെ മക്കൾക്ക് കഴിയും. ഞാൻ അതൊക്കെ മറന്നിരിക്കുന്നു”. ചുരുക്കം ചില സുഹൃത്തുക്കളോട് മാസ്റ്റർ പറഞ്ഞിട്ടുള്ളതാണിത് സ്കൂളിൽ നിന്ന് മാറിനിന്നുള്ള ഒരു ജീവിതത്തെ കുറിച്ചുള്ള ചിന്ത ഇപ്പോൾ അദ്ദേഹത്തെ അസ്വസ്ഥമാക്കുകയാണ് കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായിത്തന്നെ ഈ ചിന്ത അദ്ദേഹത്തെ അലട്ടികൊണ്ടിരിക്കുന്നു. 1984 മേയ് 14-ാം തിയ്യതി അദ്ദേഹം പറഞ്ഞു ‘ഞാൻ’ 86 മാർച്ചിൽ റിട്ടയർ ചെയ്യുകയാണ്. ഇതുവരെ കാര്യമാകയെന്തങ്കിലും ചെയ്തതായി എനിക്ക് തോന്നുന്നില്ല.

തന്റെ മക്കളിലാരെയെങ്കിലും അദ്ധ്യാപകനാക്കണമെന്നത് അദ്ദേഹത്തിന്റെ പൂർത്തീകരിക്കാത്ത ഒരാഗ്രഹമാണ്.

**മറ്റൊരു വൈരുദ്ധ്യം:**

നിയമപ്രകാരമുള്ള ലീവുപോലും എടുക്കാതെ പരമാവധി ദിവസം സ്കൂളിൽവരാൻ നിർബന്ധബുദ്ധികാട്ടുന്ന മാസ്ററർക്ക, 1986 ജനുവരി രണ്ടാം വാരത്തിൽ ജീവിതത്തിൽ ആദ്യമായി ആശുപത്രിയിൽ കിടക്കേണ്ടിവന്നു രണ്ടാഴ്ച വിശ്രമമെടുക്കണമെന്ന ആജ്ഞയും. പക്ഷെ, റിട്ടയർമെൻറിനോടടുത്ത സമയമായതിനാൽ അദ്ദേഹത്തിന് അപ്പോഴും ലീവുണ്ടായിരുന്നില്ല. അതേ സമയം 1985 അവസാനത്തിൽ മൂന്നു മാസക്കാലം ഉണ്ണിമാസ്ററർ രോഗം മൂലം ലീവിലായിരുന്നു. എന്നാൽ ഈ കാലഘട്ടത്തിലും രാവിലെ മുതൽ വൈകുന്നേരം വരെ മാസ്ററർ സ്കൂളിൽ ഉണ്ടായിരുന്നു.

**പഞ്ചായത്ത് പ്രസിഡണ്ട്:**

സുഹൃത്തുക്കളുടെ നിർബന്ധത്താൽ ഉണ്ണിമാസ്ററർ 1963 ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മുളയം വാർഡിൽ നിന്ന് മത്സരിച്ച് ജയിച്ചു. ഐക്യകണ്ഠേന നടത്തു പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു തദ്ദേശസ്വയം ഭരണം സ്ഥാപനങ്ങളുടെ ഭരണത്തിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം പാടില്ലെന്ന് വിശ്വസിക്കുന്ന

അദ്ദേഹം ചില സാങ്കേതിക കാരണങ്ങളാൽ 1964-ൽ പ്രസിഡണ്ട് സ്ഥാനമൊഴിഞ്ഞു.

**രാഷ്ട്രീയം:**

രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ അപര്യാപ്ത രാജ്യത്തെ നാശോന്മുഖമാക്കിക്കൊണ്ടിരിക്കുകയാണെന്ന് മാസ്ററുടെ അഭിപ്രായം

മാസ്ററുടെ അഭിപ്രായം.

**കല, സാഹിത്യം:**

ഒരു കഥകളി പാട്ടുകാരനായ മാസ്ററുടെ അച്ഛൻ തന്റെ മകനെ ഒരു പാട്ടുകാരനാക്കാനാണ് ആഗ്രഹിച്ചിരുന്നത് ഏഴുവയസ്സുവരെ തുടർന്ന ശ്രമം, പിന്നീട് ശബ്ദത്തിൽ വന്ന മാററവും, അച്ഛന്റെ അനാരോഗ്യവും നിമിത്തം ഉപേക്ഷിച്ചു. ശാസ്ത്രീയസംഗീതോപാസകരായ മസ്റ്റേർക്ക് ഇന്നത്തെ രീതിയിലുള്ള ഭ്രാന്തമായ ആവേശം സൃഷ്ടിക്കുന്ന ഗാനങ്ങളോട് താല്പര്യമില്ല. അതേ സമയം, പാശ്ചാത്യ സംഗീതത്തെ ശാസ്ത്രീയമായി കുറെ കൂടി ക്രമപ്പെടുത്തിയാൽ വളരെ സന്തോഷദായകമായിരിക്കുമെന്ന് അദ്ദേഹം കരുതുന്നു. അത്യന്താധുനിക കലയും സാഹിത്യവും ജനങ്ങളിൽ ഒരന്യത്വാബോധം വളർത്തുമോ എന്ന് അദ്ദേഹം സംശയിക്കുന്നു.

സന്തോഷവും, ദുഃഖവും:

മാസ്ററർക്ക് ഏററവും കൂടുതൽ സന്തോഷം തോന്നാറുള്ളത് പൂർവ്വവിദ്യാർത്ഥികളെ കണ്ട് സംസാരിക്കുമ്പോഴാണത്രേ!

ദുഃഖകരമായ ഒരനുഭവവും 35 വർഷത്തെ അദ്ധ്യാപന ജീവിതത്തിൽ ഉണ്ടായിട്ടില്ല. തന്റെ വിദ്യാർത്ഥികളായിരുന്ന കുറെപേരെ സഹപ്രവർത്തകരായി കിട്ടിയതാണ് തന്റെ സുഗമമായ പ്രവർത്തനത്തിന് വളരെ സഹായിച്ച ഒരു ഘടകമെന്ന് ഉണ്ണിമാസ്ററർ കരുതുന്നു.

സമർപ്പിക്കുന്നത്—

**സംസ്കാര കോളേജ്, പുത്തൂർ**

▷ ഒരു ഉണ്ണിക്കഥ

— ഉണ്ണി



ഇത് ഒരു ഉണ്ണി പറഞ്ഞതാവാം. ഉണ്ണികളോട് പറഞ്ഞതും ആവാം. ഉണ്ണിയുടെ കഥ തന്നെ ആകണമെന്നില്ല. കഥയിൽ ചോദ്യമില്ല. അതുവെച്ചാൽ, ചോദിക്കേണ്ട ആവശ്യം വരുന്നില്ല. ഏതു ഉണ്ണിക്കും സംഭവിക്കാവുന്നത്. ഇത് ഒരു വെള്ളിപ്പെട്ടിയുടെയും കൂടി കഥയാണെന്ന് പറയാം.

ഉണ്ണി ഒന്നിൽ പഠിക്കുന്ന കാലം. അച്ഛന്റെ കണ്ണിലുണ്ണി. അമ്മയെ കാണാതെ വളർന്നവൻ. എല്ലാവരിൽനിന്നും ലാളന. ഒരു സങ്കടം മാത്രം. സ്കൂളിൽ പോകണ്ടേ. അതു തന്നെ. അച്ഛന്റെ പുറത്ത 'മുത്തച്ഛനുണ്ണി'യായി കിടന്ന കൊതി തീർന്നിരുന്നില്ല. ചുമലിൽ കയറിയിരുന്ന സവാരിയടിച്ചിരുന്ന കാര്യവും അങ്ങിനെത്തന്നെ. വൈകുന്നേരത്തെ തിരിച്ചുവരവിന്റെ രസം അയവിറക്കി വെമ്പിയിരിക്കുമ്പോൾ മുന്നിലതാ അച്ഛൻ. കുട്ടികളുടെ അച്ഛന്മാരും ഇങ്ങിനെയാണോ? ഗോപാലന്റെ തുടയിൽ ഒരു കരിഞ്ഞ നീളൻ വടു. അവന്റെ അച്ഛൻ എറിഞ്ഞതാണത്രെ. കുട്ടൻകുട്ടിയുടെ വലതുചെവി ഇടക്കിടക്ക് ചുവന്നിരുന്നത് അവന്റെ അച്ഛന്റെ കൈക്രിയയായിരുന്നു. അച്ഛന്മാരിൽ 'രാക്ഷസന്മാരു'ണ്ടെന്നത് ഒരു പുതിയ അറിവായിരുന്നു. മുത്തച്ഛൻ പറഞ്ഞു തരാറുള്ള കഥകളിൽ മാത്രമേ ഇതിനു മുമ്പ് രാക്ഷസന്മാരെപ്പറ്റി കേട്ടിരുന്നുള്ളൂ.



ഉണ്ണിക്കൊരു വെള്ളിപ്പെട്ടിയുണ്ടായിരുന്നു. അമ്മമ്മയുടെ വക. വെള്ളികൊണ്ടുള്ളതല്ല. വെള്ളിപോലെയുള്ളത്. ഉണ്ണി അതിൽ പെൻസിൽ പൊട്ടുകൾ ഇട്ടുവെക്കുമായിരുന്നു. ഇത്ര നല്ല തിളങ്ങുന്ന പെട്ടിയിൽ കറുത്ത പെൻസിൽ പൊട്ടുകളോ? യോഗം! ഉണ്ണിക്കു തോന്നി. അച്ഛന്റെ പെട്ടിയിൽ വെള്ളിനാണയത്തുട്ടുകൾ കാണുമായിരുന്നു. പലപ്പോഴും. അതിലൊരെണ്ണം കിട്ടിയിരുന്നെങ്കിൽ! 'നല്ല കുട്ടികൾ കാശുകൊണ്ട് കളിക്കില്ല' അമ്മമ്മയുടെ വക ഉപദേശം. അച്ഛനോട് പൈസ ചോദിച്ചാൽ പിന്നെ കിട്ടിയതു തന്നെ. ചോദിക്കാതെ എടുത്താൽ? ഗോപാലന്റെ തുടയിലെ പാടു പോലെയൊന്ന് കിട്ടിയാലോ. വെളുവെളുത്ത തുടയിൽ കറുകറുത്ത പാട്! കാക്കന്റെ ചോര പോലെ. വെള്ളിപ്പെട്ടിയിൽ വെള്ളിനാണയത്തിന്റെ കിലുക്കം. സ്വപ്നത്തിൽ പല വട്ടം കേട്ടു.

മൂന്നാം വിറയ്ക്കുന്ന ദിവസങ്ങൾ കൊഴിഞ്ഞു. ഒടുവിൽ ഒരു വഴി മനസ്സിൽ ഉദിച്ചു: അച്ഛന്റെ ഒരു വേലക്കാരൻ കുഞ്ഞിരാമൻ ഉണ്ണിക്ക് ഇണക്കമായിരുന്നു. ചോദിച്ചാൽ കുളിപ്പുരയിൽനിന്ന് ഒരു വെള്ളിച്ചെപ്പ് തന്നേക്കാം. പക്ഷേ അതെങ്കിലും കൊടുക്കാതെ എങ്ങിനെ ചോദിക്കും? അച്ഛന്റെ പഴയ പെട്ടി തുറന്നു. അടിയിൽ ഭംഗിയുള്ള ഒരു ചെറിയ കത്തി. കലമാൻകൊമ്പുകൊണ്ടുള്ള പിടി. അച്ഛൻ അത് ഉപയോഗിച്ചു കണ്ടിട്ടില്ല. നല്ല മൂർച്ചയും തിളക്കവും ഉള്ള കത്തികൾ വേറെയുള്ളപ്പോൾ ഇതിനെപ്പറ്റി അന്വേഷിക്കുകയുണ്ടാവില്ല. ഉണ്ണി മനസ്സിൽ കണക്കുകൂട്ടി.

ഒക്കമറ്റം അരപ്പം നടന്നു വെള്ളിച്ചെപ്പിൽ വെള്ളിനാണയം കിലുങ്ങി. ഗോപാലന്റെയും കുഞ്ഞിക്കുട്ടിയുടെയും മുന്നിൽ ഉണ്ണിക്കു ഗമയായി. സ്കൂളിൽനിന്നും മടങ്ങുമ്പോൾ ചെപ്പു കിലുക്കിക്കൊണ്ടായിരുന്നു. തിരിച്ചോടി അടുക്കളയിൽ വിശപ്പടക്കാനെത്തിയപ്പോൾ അച്ഛൻ പകലുറക്കം കഴിഞ്ഞെത്തിയിരുന്നു. "ഉണ്ണീ, പെട്ടീന്ന് ഒരു കത്തി എടുത്തോ?" അച്ഛന്റെ ശബ്ദത്തിലെ വിറയൽ ഉണ്ണിയെയും പിടികൂടിയിരുന്നു. കണ്ണിൽ ഇരുട്ട് കയറി. കുടിക്കാനെടുത്ത കാപ്പിപാത്രം താനറിയാതെ നിലത്തെത്തി. നാവു താനേ പറഞ്ഞു, 'ഇല്ല.' സ്തംഭിച്ചു നിൽക്കുന്നതിനിടയിൽ, അച്ഛൻ പുറത്തേക്കിറങ്ങുന്നതും ഉണക്കമുളയുടെ പുറംപൊളിച്ചു ഭംഗിയിൽ ചീന്തിയെടുത്ത് നേർത്ത വടിയാക്കി കയറിവരുന്നതും നഗ്നമായ തുടത്ത തുടയിൽ ചിലും... ചിലും ശബ്ദത്തോടെ ഊക്കോടെ എന്തോ വന്നു വീഴുന്നതും സ്വപ്നത്തിലെന്നപോലെ ഉണ്ണി അറിഞ്ഞു. പിറന്നതിൽ പിന്നെ ആദ്യമായി കിട്ടിയ അടി.



കണ്ണീരൊഴുക്കിയില്ല. ഉറക്കെ കരഞ്ഞില്ല. തടുക്കാൻ കൈകൾ ഉയർന്നില്ല. പക്ഷേ, മനസ്സ് ദിവസങ്ങളോളം, വർഷങ്ങളോളം കരഞ്ഞു. നുണ പറഞ്ഞതിനെച്ചൊല്ലി, സമ്പാദ്യമോഹത്തെച്ചൊല്ലി. അച്ഛനിനില്ല. സത്യസന്ധനാം വിശ്വസ്തനായിരുന്ന കുഞ്ഞിരാമനും പോയി. നാളെയല്ലെങ്കിൽ ഇനിയൊരു നാൾ ഉണ്ണിയും ഉണ്ടാവില്ല. പക്ഷേ, വെള്ളിച്ചെപ്പ് ഒരു സത്യം അവശേഷിക്കുന്നു. നുണ പറയരുത്, പിള്ളേ മോഷ്ടിക്കരുത് എന്ന ഉപദേശം ഇനിയുണ്ടാകുന്ന ഉണ്ണികൾക്കും പകരം കൊടുക്കാൻ അതിനു കഴിയുമോ?

~~ x ~~

## ഒരു പൂർവ്വാദ്ധ്യാപകന്റെ ജൂബിലി സ്മരണകൾ

- N. S. ഉണ്ണികൃഷ്ണൻ.

കുടനെല്ലൂർ അഗസ്റ്റിൻസ് ആശാ ഹൈസ്കൂൾ അമ്പത്തൊന്നാം വയസ്സിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഓർമ്മയുടെ ചുരുൾ അഴിയുകയാണ്. മുപ്പത്തഞ്ചു വർഷത്തെ ഔദ്യോഗിക ജീവിതത്തിന്റെ ഓർമ്മകൾ. കാലപ്പഴക്കത്തിൽ ചുരുളുകൾക്ക് മങ്ങലേറ്റു കാണും. പൊടി തുടച്ചു മിനുക്കിയാലും മനസ്സിനിണങ്ങിയ തിളക്കമാവില്ല. സംഭവങ്ങളെയും വ്യക്തികളെയും ഒന്ന് തിരിച്ച് വേണ്ടിടത്ത് വേണ്ട പോലെ ഓർക്കാൻ കഴിഞ്ഞെന്നും വരില്ല. അതുകൊണ്ടു തന്നെ, അത്തരം പരാമർശങ്ങൾ പരമാവധി ഒഴിവാക്കി സ്മരണകൾ കൈപ്പിടിയിൽ ഒതുക്കുകയാണ്.

"And if you find it wondrous short,
It cannot hold you long."
- Oliver Goldsmith

( നീളം കുറവെന്ന തോന്നിടിൽ
സ്വയം ലാഭമെന്നോർത്തോളൂ .)

സ്നേഹസമ്പന്നരും ഭക്തിമതികളും ആയ വിദ്യാർത്ഥികൾ. ആപ്പുണ്മനസ്കരും സഹൃദയരും ആയ അദ്ധ്യാപകർ. അവരുടെ ഇടയിലേക്കാണ് ഈ ഇരുപതുകാരൻ പിടക്കുന്ന മനസ്സും വിറക്കുന്ന കാലുമായി കയറിച്ചെന്നത്. ഒരു തരം അധ:സ്ഥിത മനോഭാവം എങ്ങുനിന്നോ പിടികൂടിയതുപോലെ. ലളിത ജീവിതവും ഉന്നത ചിന്തയും സ്വന്തമാക്കിയ ആ സമൂഹം കുടനെല്ലൂരിന്റെ സാംസ്കാരിക പാരമ്പര്യം ശരിക്കും ഉൾക്കൊണ്ടിരുന്നു എന്നറിയാൻ ദിവസങ്ങളേറെ വേണ്ടിവന്നില്ല. ദേശസ്നേഹത്തിലും ഉയർന്ന മാനുഷിക മൂല്യങ്ങളിലും ചുവടുറപ്പിച്ച സംസ്കാരം. ഭാവി ജീവിതത്തിന്റെ കരുത്ത് അവിടമാണെന്ന് നിശ്ശേഷം വിധിക്കപ്പെട്ടു. ശിഷ്യർ ഗുരുവിന്റെ ജീവിത വീക്ഷണത്തെ സ്വാധീനിക്കുന്നതിന്റെ ആരംഭമായിരുന്നു അത്.

അദ്ധ്യാപനത്തിന്റെ ഹരിശ്രീ കുറിച്ച ആദ്യത്തെ രണ്ടു വർഷങ്ങൾ ആത്മസംതൃപ്തി നൽകിയില്ല. പരക്കെ അംഗീകരിക്കപ്പെട്ടിരുന്ന ദണ്ഡന മുറയും അടുക്കും ചിട്ടയും ഇല്ലാത്ത അദ്ധ്യാപന രീതിയും പിൻതുടർന്നതായിരുന്നു കാരണം. കൗമാരം കടന്ന് യൗവനത്തിൽ കാലൂന്നി നിന്നിരുന്ന അന്നത്തെ പഠിതാക്കളിൽ ഭൂരിപക്ഷത്തിനും ആതാണ്ട് ചേരുക എന്ന ധരിക്കാനുള്ള പക്വതയേ അന്നുണ്ടായിരുന്നുള്ളൂ. തുടർന്നു ഒരു വർഷം ലഭിച്ച അദ്ധ്യാപക പരിശീലനം ജീവിതത്തിലെ ഒരു വലിയ വഴിത്തിരിവായിരുന്നു. ശാസ്ത്രീയമായ അദ്ധ്യാപനരീതിയും മനശ്ശാസ്ത്രവും

ഗുരുമുഖത്തിലൂടെ ഗ്രഹിച്ചു കഴിഞ്ഞപ്പോൾ മറ്റെന്നില്ലാത്ത ഒരു ആത്മവിശ്വാസം ഉടലെടുത്തു. വർദ്ധിച്ച ആവേശത്തോടെയാണ് പിന്നീട് മാതൃവിദ്യാലയത്തിൽ തിരിച്ചെത്തിയത്.

അദ്ധ്യാപക പരിശീലനക്കാലത്ത് ലഭിച്ച പുത്തനറിവുകൾ വിദ്യാലയത്തിന്റെ ചട്ടക്കൂടിനിണങ്ങും വിധം ചെത്തി മിനുക്കി നടപ്പാക്കുകയായിരുന്നു പിന്നീട്. മനശ്ശാസ്ത്ര വിധി അനുസരിച്ച് വിദ്യാർത്ഥികളെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും അവരുടെ സുഖദുഃഖങ്ങൾ പരമാവധി പങ്കിടാനും തുടങ്ങിയത് അങ്ങിനെയായിരുന്നു. അതുവഴി അവരുടെ സ്നേഹവും വിശ്വാസവും ഒരളവു വരെ പിടിച്ചുപറ്റാൻ കഴിഞ്ഞു എന്നതായിരുന്നു ഇതിന്റെ ഒരു നേട്ടം. അദ്ധ്യാപന രീതി കരഗതമാക്കാനുള്ള തീവ്രമായ ഒരു ഉൾപ്രേരണയായിരുന്നു മറ്റൊരു ഫലം. പഠനത്തിൽ മുന്നോക്കക്കാരേയും പിന്നോക്കക്കാരേയും ഒരേ തട്ടിൽ വെക്കാതെ ഓരോരുത്തരുടെയും ബുദ്ധിനിലവാരം കണക്കിലെടുത്ത് അവർക്ക് 'ഇൻഡിവിജ്വൽ അറ്റെൻഷൻ' നൽകുക ഈ രീതിയുടെ സവിശേഷതകളിൽ ഒന്നായി മനസ്സിൽ കണ്ടു. സമയക്കുറവു നികത്താൻ പ്രവൃത്തി സമയത്തിനു മുമ്പും പിമ്പും അവധി ദിവസങ്ങളിലും ഒറ്റയ്ക്കും കൂട്ടായും സ്പെഷൽ ക്ലാസ്സുകൾ എടുക്കുമായിരുന്നു. സഹപ്രവർത്തകരിൽനിന്നും വിദ്യാർത്ഥികളിൽനിന്നും ലഭിച്ചിരുന്ന നല്ല പ്രതികരണവും പ്രോത്സാഹനവും ഈ രീതിയുടെ വിജയത്തിനു കാരണമായി. ദിവസേന മണിക്കൂറുകളോളം നീണ്ടുനിൽക്കുമായിരുന്ന ശ്രദ്ധാപൂർവ്വമായ മുൻകൂർ തയ്യാറെടുപ്പും ഇക്കാര്യത്തിൽ അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട്. സ്നേഹവും സൽപ്രേരണയും പരാജയപ്പെടുന്നിടത്തും കൂടുതൽ ഫലപ്രദമാണെന്ന തോന്നുന്നിടത്തും ദണ്ഡനം എന്ന ആയുധം കർശനമായിത്തന്നെ പ്രയോഗിക്കുമായിരുന്നു.

വർഷങ്ങൾ കൊഴിയുന്തോറും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും എണ്ണം വർദ്ധിക്കുകയായിരുന്നു. വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരെക്കുറിച്ചും നേരെ തിരിച്ചും ഉണ്ടായിരുന്ന സങ്കല്പങ്ങൾക്ക് സാരമായ ഇളക്കം തട്ടിക്കഴിഞ്ഞിരുന്നു. സമൂഹത്തിൽ പൊതുവിലുണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങളുടെ ഗുണപരമല്ലാത്ത വശം അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിനു മങ്ങലേല്പിച്ചു. ഇക്കാര്യത്തിൽ, വോട്ടുപെട്ടി രാഷ്ട്രീയം ദു[illegible] കയ്യടക്കി 'ചരിത്രപരമായ' പങ്കുവഹിച്ചുകൊണ്ടിരുന്നു. കക്ഷിരാഷ്ട്രീയത്തിന്റെ വരവിൽ എന്തു തോന്നിവാസവും ചെയ്യാമെന്നു കരുതുന്ന സമൂഹ

ദ്രോഹികളുടെ 'സ്കൂൾപതിപ്പ്' നന്നേ ചെറുതെങ്കിലും കാലാകാലങ്ങളിൽ വിദ്യാലയത്തിൽ ഉടലെടുത്തുകൊണ്ടിരുന്നു. അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് ഒരു നല്ല മാതൃകയായിരിക്കണമെന്ന ആശയത്തിന് പഴയ മൂല്യവില ഇല്ലാതായിക്കഴിഞ്ഞെങ്കിലും, അദ്ധ്യാപകർക്കിടയിലെ കെട്ടുറപ്പും രക്ഷകർത്താക്കളിലും വിദ്യാർത്ഥികളിലും ബഹുഭൂരിപക്ഷം വരുന്നവരുടെ സഹകരണവും വിദ്യാലയത്തിന് ശരാശരിയിൽ കവിഞ്ഞ ഒരു പഠനനിലവാരം പ്രദാനം ചെയ്തിരുന്നു. കലാകായിക രംഗത്ത് വിവിധ തലങ്ങളിൽ അഭിമാനാർഹമായ വ്യക്തിമുദ്ര പതിപ്പിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞതും ഇതിന്റെ ഫലമായിരുന്നു എന്ന വസ്തുത മറക്കാവതല്ല.

വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിൽ അദ്ധ്യാപകർക്കുള്ള പങ്കിനെപ്പറ്റി ബോധമുണ്ടായിരിക്കെത്തന്നെ സദാചാര പാഠങ്ങളോ ഉപദേശപ്രസംഗങ്ങളോ ഉരുവിട്ട് സമയം ചെലവാക്കുന്നതിൽ താല്പര്യമുണ്ടായിരുന്നില്ല. ഇവയ്ക്ക് ഏതെങ്കിലും മതത്തിന്റെ പരിവേഷം കൊടുക്കുന്നതിൽ പ്രത്യേകിച്ചും. സമയനിഷ്ഠയും ആത്മബോധവും സഭ്യമായ പെരുമാറ്റവും അദ്ധ്യാപകന്റെ പ്രധാന ഗുണങ്ങളായി മുന്നിൽ കണ്ടുകൊണ്ട് അവ സ്വന്തമാക്കാൻ മനപ്പൂർവ്വം ശ്രമിക്കുകയുണ്ടായിട്ടുണ്ട്. അതിൽ എത്രകണ്ട് വിജയിച്ചു, എത്രപേരെ സ്വാധീനിക്കാൻ കഴിഞ്ഞു എന്നതൊക്കെ ഇവിടെ പ്രസക്തമല്ല.

ഹെഡ്മാസ്റ്റർ എന്ന 'ഉദ്യോഗപർവ്വം' പലതുകൊണ്ടും കൂടുതൽ സ്മരണീയമായിരുന്നു. മാനേജർ, അദ്ധ്യാപകരും അനദ്ധ്യാപകരുമായ സഹപ്രവർത്തകർ, ജില്ലാതലത്തിലും അതിന്മേലെയും ഉള്ള നിയന്ത്രണാധികാരികളും ഉദ്യോഗസ്ഥവൃന്ദവും എന്നിങ്ങനെ താരതമ്യേന ഒരു ചെറുസമൂഹം ഇടത്തും വലത്തും. വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, നാട്ടുകാർ എന്നിവരടങ്ങുന്ന ഒരു വലിയ സമൂഹം മുന്നിൽ. തലക്കു മീതെ കേരള വിദ്യാഭ്യാസ നിയമം! മനസാ ഒരു ഗണിതാദ്ധ്യാപകൻ. വളർന്നു വികസിച്ചു കഴിഞ്ഞിരുന്ന സ്വകുടുംബം പിന്നിൽ. ഏതൊരാളിലും സഹതാപമുണർത്തുന്ന സ്ഥാനം! എല്ലാ പക്ഷങ്ങളോടും ഒരു സന്തുലിതാവസ്ഥ പുലർത്താനും എല്ലാ ഭാഗത്തുനിന്നും നിർല്ലോഭം സഹകരണം നേടാനും കഴിഞ്ഞത് സ്വന്തം കഴിവിന്റെ ഫലമാണെന്ന് ഒരിക്കലും തോന്നിയിട്ടില്ല. വികാരനിർഭരമായ മുഹൂർത്തങ്ങളും ഇടക്കിടെ കിട്ടിക്കൊണ്ടിരിക്കുന്ന സ്നേഹഗംഗാധാരയും ഒരു അവാർഡിന്റെ പ്രതീകമായി ഹൃദയത്തിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു.

1951 ജൂണിലെ ഒരു സുപ്രഭാതത്തിൽ മനമില്ലാമനസ്സോടെ അദ്ധ്യാപകന്റെ വേഷമിട്ടു. ചെല്ലുമെന്ന നാലാൾ പറഞ്ഞപ്പോൾ ഉത്സാഹവുമായി. സംസ്കാരസമ്പന്നരായ വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, നാട്ടുകാർ. സോദരതുല്യരായ സഹപ്രവർത്തകർ. മാനേജരെന്നോ പ്യൂണെന്നോ പുതിയവരും പഴയവരുമെന്നോ തരംതിരിവുകൾ ഇല്ലാത്ത വിദ്യാലയം. അങ്ങിനെ, അവിടെ ഒരു 'ഉണ്ണിമാഷ്' ജനിച്ചു. 21 വർഷങ്ങൾക്കുശേഷം ഹെഡ്മാസ്റ്ററുടെ 'ചെങ്കോൽ' ഏറ്റുവാങ്ങി. 14 വർഷം കഴിഞ്ഞു 1986 മാർച്ചിൽ അതു പിൻഗാമിക്കു കൈമാറി. ഇക്കാലമത്രയും കൂടനെല്ലൂരും അതിന്റെ വിദ്യാലയവും മനസ്സിൽ നിറഞ്ഞുനിന്നു. ഒരു സുപ്രസിദ്ധ കവിത സ്മരിച്ചും അനുകരിച്ചും പറയുകയാണെങ്കിൽ,

എന്നുടെ കിടക്കയിൽ
ശൂന്യ മാനസനായോ
ദുഃഖപൂരിതനായോ
ഞാനല്പം കിടക്കവെ
മനസ്സിലെ ഏകാന്തമാം
വേദാന്ത ബ്രഹ്മാനന്ദ-
നിർവൃതിയാകുമെന്റെ
അന്തർലോചനങ്ങളിൽ
അവ വന്നുദിക്കുന്നു പാരം
മിന്നൽപോൽ ചടുലമായ്.
അപ്പോളാനന്ദാബ്ധിയി-
ലെന്റെ മാനസമാറാടുന്നു
യൗവനത്തിമിർപ്പിലെപ്പോൽ
ഹൃദയം നൃത്തം വെയ്ക്കും.

×~~~~×~~~~×

Unnikrishnan
3/2/95